# FIRST YEAR HIGHER SECONDARY MODEL EXAMINATION 2023

**PART II**

**പരമാവധി സ്കോർ : 80** **മലയാളം** **സമയം : രണ്ടര മണിക്കൂർ**

<u>വിദ്യാർഥികൾക്കുള്ള പൊതു നിർദ്ദേശങ്ങൾ</u>

**15** മിനിറ്റ് സമാശ്വാസ സമയമാണ് ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം

ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി ഉത്തരം എഴുതുക.

ഉത്തരമെഴുതുമ്പോൾ സ്കോർ ,സമയം , ദൈർഘ്യം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് 2 ഉത്തരം തിരഞ്ഞെടുത്ത് എഴുതുക. (സ്കോർ 2 വീതം)**

1. 'മത്സ്യം'എന്ന കവിതയെ അടിസ്ഥാനമാക്കി മനുഷ്യ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന രണ്ട് സൂചനകൾ എടുത്തെഴുതുക.
    - വലക്കണ്ണികൾ
    - ചൂണ്ടക്കൊളുത്തുകൾ
    - മണൽത്തരികൾ
    - തിരമാലകൾ
2. 'ഓർമ്മയുടെ ഞരമ്പ് 'എന്ന കഥയിലെ സ്വാതന്ത്ര്യ സമര ചരിത്രവുമായി ബന്ധപ്പെട്ട രണ്ട് പരാമർശങ്ങൾ കണ്ടെത്തുക.
    - വൃദ്ധ എഴുതിയ ആദ്യത്തെ കഥയുടെ പ്രമേയം
    - സീമന്ത രേഖയിലിട്ട സിന്ദൂരം മെല്ലെ താഴേക്ക് വീണ് മരിച്ചു.
    - ആദ്യത്തെ കഥ എഴുതുന്ന കാലത്ത് ഭർത്താവ് ജയിലിലായിരുന്നു.
    - അമ്മ കാണാതെ കഥ എഴുതേണ്ടി വന്ന അവസ്ഥ
3. ആകാശത്തോളം ഉയരണമെങ്കിൽ ബലിഷ്ഠമായ വേരുകൾ വേണം എന്നു പറയുന്നതിലെ ഔചിത്യമെന്ത്?
    - വേര് അടിത്തറയാണ്
    - എല്ലാം വലിച്ചെടുക്കുന്നത് വേരുകളിലൂടെയാണ്
    - കാടിന് നോവുകളും ആഹ്ലാദങ്ങളുമുണ്ട്.
    - കാട് നമുക്ക് തണൽ നൽകുന്നു.
4. വൈലോപ്പിള്ളിയുടെ 'ഊഞ്ഞാലിൽ 'എന്ന കവിത ഏത് കവിതാ സമാഹാരത്തിൽ നിന്നെടുത്തതാണ്?
    - കന്നിക്കൊയ്ത്ത്
    - ശ്രീരേഖ
    - ഓണപ്പാട്ടുകാർ
    - മകരക്കൊയ്ത്ത്

5. അരുളില്ലാത്തവനെ എന്തിനോടൊക്കെയാണ് കവി ഉപമിക്കുന്നത്?

- ജീവതാരകം
- നിഷ്ഫല ഗന്ധപുഷ്പം
- മരുവിൽ പ്രവഹിക്കുമംബു
- ഫലവൃക്ഷം

**6 മുതൽ 9 ചോദ്യങ്ങളിൽ 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക. (സ്കോർ 2 വീതം)**

6. 'ഓർമ്മയുടെ ഞരമ്പ് 'എന്ന ചെറുകഥയിലെ പെൺകുട്ടിയുടെ സമീപനത്തിൽ അവസാന ഭാഗത്ത് വരുന്ന മാറ്റങ്ങൾ എന്തെല്ലാം ?
7. 'പദങ്ങൾക്ക് സാമാന്യ വ്യവഹാരത്തിലുള്ള അർത്ഥമല്ല കവിതയിൽ ഉള്ളത് '– മത്സ്യം എന്ന കവിതയിൽ നിന്നും സൂചനകൾ കണ്ടെത്തുക.
8. 'കായലരികത്ത് '–എന്ന പാഠഭാഗത്തിന്റെ ഭാഷാപരമായ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.
9. 'മുഹിയുദ്ദീൻ മാല'– യിൽ ആരുടെ അപദാനങ്ങളെയാണ് പ്രതിപാദിക്കുന്നത് ?

**10 മുതൽ 16 ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.(സ്കോർ 4 വീതം)**

10. ജോനാഥന്റെ ജീവിതത്തെ മുൻനിർത്തി സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കുന്നതിൽ നിരന്തരമായ പരിശീലനത്തിനും സമർപ്പണത്തിനുമുള്ള പ്രാധാന്യം വ്യക്തമാക്കുക.
11. വൃദ്ധയുടെ നിത്യജീവിതത്തിലെ ഏതൊക്കെ സവിശേഷതകൾ 'ഓർമ്മയുടെ ഞരമ്പ് '– എന്ന കഥയിലൂടെ വ്യക്തമാകുന്നുണ്ട്?
12. 'കേൾക്കുന്നുണ്ടോ 'എന്ന ഹ്രസ്വ ചിത്രം പങ്കുവെക്കുന്ന പരിസ്ഥിതി സങ്കല്പത്തെ കുറിച്ച് ലഘു കുറിപ്പെഴുതുക.
13. മേഘം എന്ന പ്രതീകത്തെ കാളിദാസനും വള്ളത്തോളും വർണിച്ചിരിക്കുന്നത് എങ്ങനെയാണ് ? 'കാവ്യ കലയെ-കുറിച്ചുള്ള ചില നിരീക്ഷണങ്ങൾ' എന്ന ലേഖനത്തെ അടിസ്ഥാനമാക്കി എഴുതുക.
14. ആരും ശ്രദ്ധിക്കാത്ത തുടക്കങ്ങൾ പിന്നീട് ലോകത്തിന് വെളിച്ചമേകി എന്ന കവി കൽപ്പനയെ പരിശോധിക്കുക.
15. 'ശസ്ത്രക്രിയ'- എന്ന കഥയിലെ അമ്മയും മകനും മകൻറെ കുട്ടിക്കാലത്തെ വീണ്ടെടുക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തുക.
16. പുറപ്പെട്ടേടത്താ-
    ണൊരായിരം കാതമവൾ നടന്നിട്ടും;

    സ്ത്രീ ജീവിതത്തിന്റെ ചരിത്രം ഈ വരിയിൽ പ്രകടമാകുന്നതെങ്ങനെ?

**17 മുതൽ 21 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.(സ്കോർ 6 വീതം)**

17. 'സന്ദർശനം' എന്ന കവിതയിലെ പ്രണയം എത്രത്തോളം തീക്ഷ്ണവും ഉദാത്തവുമാണെന്ന് വിശദമാക്കുക.
18. കുടുംബ സങ്കല്പവുമായി ബന്ധപ്പെട്ട നിലവിലുള്ള കാഴ്ചപ്പാടുകളെ പൊളിച്ചെഴുതാനുള്ള ശ്രമം പുതിയ സിനിമകൾ നടത്തുന്നുണ്ടോ നിങ്ങളുടെ നിരീക്ഷണങ്ങൾ സമർത്ഥിക്കുക.
19. 'സുഖം ഒരു മാരകമായ ലഹരി യാണെന്ന് മിസ്സിസ് നായർക്ക് തോന്നി. അതിൽ നിന്ന് അത്രവേഗം മോചനമില്ല' - എന്ന ചിന്തയിലേക്ക് മിസ്സിസ് നായരെ നയിക്കാനിടയായ സാഹചര്യം എന്തായിരുന്നു?
20. ശ്രീകൃഷ്ണൻറെ ബാല്യകാലസ്മരണയിൽ തെളിയുന്ന മാതൃ സ്നേഹത്തിൻറെ ഊഷ്മളചിത്രം വിശദമാക്കുക.

21. 'വാസനാവികൃതി'- എന്ന കഥയെ നർമ്മ മധുരമാക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക.

**താഴെ കൊടുത്തിരിക്കുന്ന ഗദ്യ ഭാഗം വായിച്ച് 22 മുതൽ 24 വരെ ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.(സ്കോർ 2 വീതം)**

കോൽഹാപൂർ ജില്ലകളിലെ പശ്ചിമഘട്ട മലനിരകളിൽ അധിവസിക്കുന്ന ഗാവ് ലികൾ മുഖ്യമായും ഇടയരാണ്. കുന്നിൻമുകളിൽ ചെറിയതോതിൽ പുനംകൃഷിയും ചെയ്യാറുണ്ട്. എന്നാൽ കുൻഭികൾ പ്രധാനമായും താഴ്വരകളിൽ കൃഷിചെയ്യുന്നവരാണ്. ചെറിയ തോതിൽ മൃഗങ്ങളെ വളർത്തുകയും ചെയ്യുന്നു. വനനശീകരണവും തത്ഫലമായുള്ള മണ്ണൊലിപ്പും ഗാവ് ലികളുടെ കന്നുകാലികളുടെ ഭക്ഷണാടിത്തറ തകർത്തു. ഇതുമൂലം കന്നുകാലികളുടെ എണ്ണം കുറയ്ക്കാൻ അവർ നിർബന്ധിതരായി. അതോടെ കുന്നിൻ ചരിവുകളിലെ കൃഷിയിലായി അവരുടെ മുഴുവൻ ശ്രദ്ധയും. അതുപോലെ നദീതടപദ്ധതി താഴ്വരകളിലെ മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുത്തിയതോടെ കുൻഭികളും കുന്നിൻ ചരിവുകളിലേക്ക് തള്ളപ്പെട്ടു. വനനശീകരണവും അവരുടെ ഭക്ഷ്യശേഖരത്തിൽ ഇടിവ് വരുത്തി.

22. കോൽഹാപൂർ ജില്ലകളിലെ പശ്ചിമഘട്ട മലനിരകളിൽ അധിവസിക്കുന്ന ഗോത്ര വിഭാഗങ്ങൾ ഏതെല്ലാം?

23. ഗാവ് ലികളുടെയും കുൻഭികളുടെയും കൃഷി രീതിയിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണ് ?

24. ഗാവ് ലി,കുൻഭി സമൂഹങ്ങൾ കുന്നിൻ ചെരുവിലേക്ക് തള്ളപ്പെട്ടതിന്റെ കാരണങ്ങൾ എന്തെല്ലാം?

**25 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.(സ്കോർ 8 വീതം)**

25. വൈയക്തികമായ കിനാവുകൾക്കപ്പുറം ലോക ജീവിതത്തെ സംബന്ധിച്ച് മഹത്തായ സ്വപ്നങ്ങൾ കാണാൻ നമുക്ക് കഴിയണം 'ജോനാഥൻ ലിവിങ്സ്റ്റൺ '-എന്ന നോവലിനെ അടിസ്ഥാനമാക്കി വിവരിക്കുക.

26. സിനിമകൾ കലാമൂല്യമുള്ള സിനിമ ,ജനപ്രിയ സിനിമ എന്നിങ്ങനെ തരം തിരിയുമ്പോൾ അത് കാണികളിൽ എത്തിക്കുന്ന ആസ്വാദനത്തിന്റെ സാധ്യതകൾ എന്തെല്ലാമാണ്?

27. ഉയിരിൻ കൊലക്കുടുക്കാക്കാവും കയറിനെ-
യുഴിഞ്ഞാലാക്കിത്തീർക്കാൻ കഴിഞ്ഞതല്ലേ ജയം !

വൈലോപ്പിള്ളിയുടെ ഈ ശുഭദർശനത്തെ 'ഊഞ്ഞാലിൽ' എന്ന കവിതയെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

---


Prepared by :

| | |
|---|---|
| 1.INDIRA J | : CHOTHAVOOR HSS |
| 2.JISHA T | : VHSS KADAVATHUR |
| 3.KHALID SAIFULLA R | : GOVT.HSS PALAYAD |
| 4.BINDHU T | : GOVT.HSS PALAYAD |
| 5.SILVI JOSEPH | : SACRED HEART HSS,THALASSERY |
| 6.GIREESH V K | : BEMP HSS,THALASSERY |
| 7.SURESHAN P | : EXCEL PUBLIC SCHOOL,MAHE |
| 8.FRANSIS T A | : GHSS,CHUNDANGAPOYIL |
| 9.SANTHOSH K | : GHSS,KAVUM BHAGAM |
| 10.RATHEESH | : KARIYAD NAMBIAR HSS |
| 11.SANDYA NEDUMBURATH | : GVHSS, KATHIRUR |